2) വർക്കല പോലീസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ബി. ശശിധരൻ 3.10.97 ന് രാത്രി വിമൽദാസ് എന്നയാളെ കസ്റ്റഡിയിൽ എടുത്തു മർദ്ദിച്ച സംഭവം.

3) തിരുവനന്തപുരം മെഡിക്കൽകോളേജ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. വി. ഗോപാലകൃഷ്ണൻ ക്രൈം നമ്പർ 218/98 -ലെ പ്രതിയായ മാത്യു എബ്രഹാമിനെ 28.11.98 രാവിലെ 3.30 മണിക്ക് അറസ്റ്റ് ചെയ്ത് ദേഹോപദ്രവം ഏൽപ്പിച്ച സംഭവം.

4) പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 48/96-ലെ പ്രതിയായ അരവിന്ദ് ശശിയെ അറസ്റ്റ് ചെയ്ത് മർദ്ദിച്ച സംഭവം. ഇതിൽ ഒന്നും നാലും സംഭവങ്ങളിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. രണ്ടും മൂന്നും സംഭവങ്ങളിൽ കേസ്സ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1646) കാസർഗോഡ് ജില്ലയിലെ കൊലപാതകക്കേസ്സുകൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര കൊലപാതകങ്ങൾ നടന്നു എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൊലപാതകക്കേസ്സുകളിൽ ആരെല്ലാം പ്രതികളാണ്;

(സി) എത്രപേരെ അറസ്റ്റുചെയ്യാൻ ബാക്കിയുണ്ട്; അവർ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പ്രതികളെ കണ്ടെത്താൻ കഴിയാത്ത കേസ്സുകൾ ഏതെല്ലാമാണ്;

(ഇ) കുറ്റവാളികളെ കണ്ടെത്തുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 57 കേസുകളിലായി 62 കൊലപാതകങ്ങൾ നടന്നു.

(ബി) ഉത്തരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) മൂന്നുപേരെ അറസ്റ്റുചെയ്യാൻ ബാക്കിയുണ്ട്. 1. അനുനായിക്(ക്രൈം 17/99, ബദിയടുക്ക പോലീസ് സ്റ്റേഷൻ)

2. വാഴപ്പറമ്പിൽ ഗോപാലൻ (ക്രൈം 403/97, ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ)

3. പവിത്രൻ (ക്രൈം787/97 ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ)

(ഡി) ക്രൈം 147/98 (ബദിയടുക്ക പി.എസ്.) ക്രൈം 280/98 (കാസർഗോഡ് പി.എസ്) ക്രൈം.114/98 (കാസർഗോഡ് പി.എസ്.)

(ഇ) ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.